പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 7190 — 03.11.2011-ൽ മറുപടിയ്ക്ക്

## വികസന ബ്ലോക്കുകൾ വഴി ജനോപകാര പ്രദമായ നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി സി. ജോർജ്<br>,, റോഷി അഗസ്റ്റിൻ<br>ഡോ. എൻ. ജയരാജ്<br>ശ്രീ. തോമസ് ഉണ്ണിയാടൻ | ശ്രീ.കെ.സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിക കാര്യവും വകുപ്പ് മന്ത്രി) |
| എ. വികസന ബ്ലോക്കുകൾ വഴി കൂടുതൽ ജനോപകാരപ്രദമായ കാര്യങ്ങൾ ചെയ്യുന്നതിന് എന്തെല്ലാം നടപടികൾ ഉണ്ടാകുമെന്ന് വ്യക്തമാക്കാമോ; | എ. വികസന ബ്ലോക്കുകൾ എന്നറിയപ്പെട്ടിരുന്ന ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസ്, ബ്ലോക്ക് പഞ്ചായത്തിന് കൈമാറിയ സ്ഥാപനമാണ്. ബ്ലോക്ക് പഞ്ചായത്തുകൾ വഴി നടപ്പിലാക്കി വരുന്ന പാവപ്പെട്ട ആളുകൾക്കായുള്ള സ്വയം തൊഴിൽ പദ്ധതി, ഭവന നിർമ്മാണ പദ്ധതി, നീർത്തട വികസന പദ്ധതി, സമ്പൂർണ്ണ ശുചിത്വ പരിപാടി എന്നിവ കൂടുതൽ ജനോപകാരപ്രദമായ വിധത്തിൽ നടപ്പാക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചു വരുന്നത്. പദ്ധതികൾ സുതാര്യമായി നടപ്പിലാക്കുന്നതിനും, ഗുണഭോക്താക്കൾക്ക് ലഭ്യമാകേണ്ട സഹായങ്ങൾ കാലതാമസം കൂടാതെ ലഭ്യമാക്കുന്നതിനും, കേന്ദ്രസർക്കാരിൽ നിന്നും ലഭ്യമാകുന്ന പദ്ധതി പണം പരമാവധി നേടിയെടുത്ത് സമയബന്ധിതമായി പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചു വരുന്നത്. |
| ബി. ഒരു വികസന ബ്ലോക്കിന്റെ കീഴിലുള്ള എല്ലാ ഗ്രാമ പഞ്ചായത്തുകളിലും ആ ബ്ലോക്കിന്റെ നേതൃത്വത്തിൽ ആരോഗ്യം, പരിസരശുചിത്വം, സന്മാർഗ്ഗിക മാർഗ്ഗനിർദ്ദേശക ക്യാമ്പുകൾ എന്നിവ സംബന്ധിച്ച് അവബോധം പുതു തലമുറയ്ക്ക് നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ; | ബി. സമ്പൂർണ്ണ ശുചിത്വ പരിപാടിയുടെ ഭാഗമായുള്ള സ്കൂൾ ശുചിത്വ പരിപാടിയിലൂടെ പരിസര ശുചിത്വം, ആരോഗ്യം, ഖരമാലിന്യ നിർമ്മാർജ്ജനം എന്നീ വിഷയങ്ങളിൽ വിദ്യാർത്ഥികൾക്ക് അവബോധം സൃഷ്ടിയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| സി. വികസന ബ്ലോക്കുകൾ വഴി കൂടുതൽ സഹായങ്ങളും സൗകര്യങ്ങളും പൊതുജനങ്ങൾക്ക് ലഭ്യമാക്കുവാൻ എന്ത് നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ? | സി. ബ്ലോക്ക് പഞ്ചായത്തുകൾ മുഖേന നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ ബ്ലോക്ക് പഞ്ചായത്തുകളുടെ വാർഷിക പദ്ധതിയുമായി സമന്വയിപ്പിച്ച് പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് കൂടുതൽ സഹായങ്ങൾ ലഭ്യമാക്കുന്നതിനും പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കുന്നതിനുമാണ് നടപടികൾ സ്വീകരിച്ചു വരുന്നത്. |

സെക്ഷൻ ഓഫീസർ